**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4802** **01-11-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് കല്ലട്ടുക്ക-ചെർക്കള റോഡിലെ പള്ളത്തടുക്ക പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കല്ലട്ടുക്ക-ചെർക്കള റോഡിലെ പള്ളത്തടുക്ക പാലം എപ്പോൾ നിർമ്മിച്ചതാണെന്ന് വ്യക്തമാക്കാമോ; അന്നത്തെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും കരാറുകാരൻ ആരായിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | നിർമ്മാണത്തിന് ശേഷം ഈ പാലത്തിൽ എപ്പോഴെങ്കിലും അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | നിർമ്മാണത്തിനു ശേഷം ഈ പാലത്തിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. 2019 ൽ മെയിന്റനൻസ് വർക്കിൽ ഉൾപ്പെടുത്തി എക്സ്പാൻഷൻ ജോയിന്റിന്റെയും വിയറിംഗ് കോട്ടിന്റെയും താൽക്കാലിക തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. |
| (സി) | ഈ പാലം ഇപ്പോൾ അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ആയത് പരിശോധിക്കുന്നതിനുമുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുമുള്ള നടപടി സ്വികരിച്ചു വരുന്നു. |
| (ഡി) | ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയതായുള്ള ബോർഡ് ഈ പാലത്തിൽ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ; | (ഡി) | ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ബോർഡ് ഈ പാലത്തിൽ 28.04.2018ന് സ്ഥാപിച്ചിട്ടുണ്ട് |
| (ഇ) | ഈ പാലം അപകടാവസ്ഥയിലായിട്ടും ഇത് പുനർനിർമ്മിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഇ) | ഈ പാലം പുന:നിർമ്മാണമോ അതോ പുനരുദ്ധാരണമോ ഏതാണ് ആവശ്യമെന്ന് അറിയുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| (എഫ്) | പാലം പുനർനിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയാണ് നിർമ്മാണച്ചെലവായി കണക്കാക്കുന്നത്; വിശദാംശം നൽകാമോ? | (എഫ്) | ഈ പാലം പുന:നിർമ്മാണമോ അതോ പുനരുദ്ധാരണമോ ഏതാണ് ആവശ്യമെന്ന് അറിയുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ